ഉത്തരം

(എ) തൽക്കാലം ഉദ്ദേശമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉദ്ദേശിക്കുന്നുണ്ട്.

(ഡി) വിശദാംശങ്ങൾ പരിഗണിച്ചു വരുന്നു.

ഇന്ധന വിലയായി കെ. എസ്. ആർ. ടി. സി. യുടെ കുടിശ്ശിക

106 (790) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ഇന്ധനം വാങ്ങുന്നത് ഏത് കമ്പനിയിൽ നിന്നുമാണ് ;

(ബി) 15-1-2001 -ലെ കണക്കനുസരിച്ച് ഈ കമ്പനിക്ക് ഇന്ധനവിലയിൽ എന്തു തുക കുടിശ്ശികയുണ്ടായിരുന്നു ;

(സി) ഈ കുടിശ്ശിക അടയ്ക്കണമെന്ന് അവർ പ്രസ്തുത തീയതിക്ക് മുമ്പായി എത്ര പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട് ;

(ഡി) ഈ കുടിശ്ശിക അടയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) കുടിശ്ശിക അടയ്ക്കാതിരുന്നതുകൊണ്ട് അവർ ഇന്ധനത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര വീതം ;

(എഫ്) ഇതുമൂലം കെ. എസ്. ആർ. ടി. സി. യുടെ എത്ര ട്രിപ്പുകൾ നിറുത്തലാക്കി;

(ജി) ഈ ട്രിപ്പുകളിലൂടെ ദൂരം എത്ര കിലോമീറ്റർ ആണെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഇത് മൂലം കളക്ഷനിൽ വന്ന കുറവ് എത്രയാണ് ;

(ഐ) കെ. എസ്. ആർ. ടി. സി. ട്രഷറിയിൽ അടച്ച എന്തു തുക പ്രസ്തുത തീയതിക്ക് തിരിച്ചു കിട്ടാനുണ്ട് ?

ഉത്തരം

(എ) ഇൻഡ്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനിൽ നിന്നുമാണ് ഇന്ധനം വാങ്ങുന്നത്.

(ബി) 31-1-2001-ലെ കണക്കനുസരിച്ച് ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് 17.88 കോടി രൂപയും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് 1.65 കോടി രൂപയും കുടിശ്ശികയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുടിശ്ശിക തീർക്കണമെന്ന് 15-1-2001-ന് മുമ്പായി അവർ അഞ്ചു തവണ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക ബുദ്ധിമുട്ട് മൂലമാണ് കുടിശ്ശിക കൊടുത്തു തീർക്കാത്തത്.

(ഇ) കുടിശ്ശിക അടയ്ക്കാതിരുന്നതുകൊണ്ട് ഇന്ധനവിതരണത്തിൽ ഐ. ഒ. സി. 25% കുറവ് 4 ദിവസം വരുത്തിയിട്ടുണ്ട്.

(എഫ്,ജി&എച്ച്) ഡീസൽ കുറവ് കാരണം വരുമാനം കുറഞ്ഞ സർവീസുകളും ട്രിപ്പുകളുമാണ് നിർത്തലാക്കിയത്. റദ്ദു ചെയ്ത കിലോമീറ്ററിന്റെ വ്യക്തമായ കണക്ക് തയ്യാറാക്കിയിട്ടില്ല. വരുമാനം കുറഞ്ഞതും യാത്രക്കാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടാത്ത ട്രിപ്പുകളും റദ്ദു ചെയ്തതു കൊണ്ട് വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടില്ല.

(ഐ) 15-1-2001 -ൽ കെ. എസ്. ആർ. ടി. സി. ട്രഷറിയിൽ അടച്ച വകയിൽ 16,59,56,987 രൂപ തിരിച്ചു കിട്ടാനുണ്ട്.

രാത്രി കാലങ്ങളിൽ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലത്ത് ബസ് നിറുത്തുന്നതിന് നടപടി

107 (792) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാസ്റ്റ് പാസഞ്ചർ ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ്, സൂപ്പർ എസ്ക്പ്രസ് എന്നീ ബസുകളിൽ ഏതെല്ലാമാണ് രാത്രി 10 മണിക്കുശേഷം രാവിലെ 6 മണിക്ക് മുൻപ് യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിർത്തി കൊടുക്കാൻ ഉത്തരവായിട്ടുള്ളത് ;

(ബി) രാത്രി 10 മണിക്കുശേഷം രാവിലെ 6 മണിക്കു മുമ്പായി യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ വാഹനം നിറുത്തി യാത്രക്കാരെ ഇറക്കുന്നതിന് നിലവിൽ നിയമം ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(സി) വാഹനം നിർത്തിക്കൊടുക്കാൻ ഉത്തരവുണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പു ലഭ്യമാക്കുമോ ;

(ഡി) രാത്രികാലങ്ങളിൽ സൂപ്പർ ഫാസ്റ്റുകളിൽ യാത്രക്കാരും ജീവനക്കാരും തമ്മിൽ ഇത് സംബന്ധിച്ച് നിരന്തരം പ്രശ്നമുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കുറഞ്ഞത് 25 കി.മീ മീറ്ററെങ്കിലും രാത്രികാലങ്ങളിൽ തുടർച്ചയായി കെ. എസ്. ആർ. ടി. സി യുടെ വാഹനങ്ങളിൽ യാത്ര ചെയ്യുന്നവരെ അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ഇറക്കുന്നതിന് ഉത്തരവാകുമോ ;

(എഫ്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly